**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4928

23.03.2018 ലെ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗം കുട്ടികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

| ചോദ്യം<br>ഡോ.എൻ. ജയരാജ് | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കാമോ; എത്ര വിസ്തൃതി സ്ഥലം ഇതിനായി ആവശ്യമാണെന്ന് വ്യക്തമാക്കാമോ; | (എ) | എസ്.സി ജനസംഖ്യ, കുട്ടികളുടെ ലഭ്യത, സ്ഥല ലഭ്യത എന്നിവ അടിസ്ഥാനമാക്കിയാണ് ഓരോ ജില്ലയിലും എം.ആർ.എസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നത്. സ്കൂൾ, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ്, കളിസ്ഥലം എന്നിവ നിർമ്മിക്കുവാനുള്ള സ്ഥലം ആവശ്യമാണ്. സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. |
| (ബി) | മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്രവേശിപ്പിക്കാവുന്ന കുട്ടികളുടെ എണ്ണം സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; സ്കൂൾ പ്രവേശനത്തിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ; | (ബി) | എം.ആർ.എസ്-കളിലെ ഓരോ ക്ലാസിലും പരമാവധി 35 കുട്ടികൾക്ക് പ്രവേശനം നൽകുന്നു. 5-ാം ക്ലാസുമുതലാണ് എം.ആർ എസ്-കളിൽ പ്രവേശനം നടത്തുന്നത്. നാലാം ക്ലാസ് വിദ്യാർത്ഥികളിൽ നിന്ന് സംസ്ഥാന അടിസ്ഥാനത്തിൽ നടത്തുന്ന മത്സരപരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികളെ കണ്ടെത്തി, താമസ സൗകര്യത്തോടുകൂടി ലഭിക്കാവുന്നതിൽ വച്ച് ഏറ്റവും നല്ല |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസം നൽകിയാണ് എം.ആർ.എസ്സുകൾ പ്രവർത്തിക്കുന്നത്. |
| (സി) | സമീപത്തെ എത്ര കിലോമീറ്റർ വരെയുള്ള വിദ്യാർത്ഥികളെ പ്രവേശനത്തിനായി പരിഗണിക്കു മെന്ന് വ്യക്തമാക്കാമോ? | (സി) | എം.ആർ.എസ്സുകളിലെ അഡ്മിഷൻ സംസ്ഥാന തലത്തിൽ നടത്തുന്ന പ്രവേശന പരീക്ഷ അടിസ്ഥാനമാക്കിയാണ്. |
| (ഡി) | ആവശ്യമായ സ്ഥലം ലഭ്യമാ ണെങ്കിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ആവശ്യകത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**